# സിനിമാവിത്തുമായി അന്യനാട്ടിൽ

● ഖാസിദ കലാം

പ്രവാസത്തിന്റെ പരിമിതികളിൽ മാഞ്ഞുപോകുന്ന ഒരു സ്വപ്നമാകരുത് ഒരാളുടെ സർഗാത്മകത. പരിമിതികളിൽ നിന്നുകൊണ്ട് നാം സാധ്യതകളെ കണ്ടെത്തുകയാണ് വേണ്ടത്. അതുപോലെ തന്നെയാണ് ജീവിതത്തിൽ എന്തായിത്തീരണമെന്ന് നമ്മൾ തീരുമാനിച്ചാൽ മാത്രം പോര എന്നുള്ളതും. അതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നു കണ്ടെത്തുകയും, അവ അതിന്റെ സമയത്ത് ചെയ്തു തീർക്കുകയും വേണം. എങ്കിൽ മാത്രമേ നമ്മുടെ ജന്മദൗത്യം പൂർണമാകുകയുള്ളൂ. ഇത്തരമൊരു ദൗത്യമാണ് ഒമാനിൽ സിനിമയുടെ പുതിയ സാധ്യതകളെ കണ്ടെത്തുക വഴി **സുധാഷാ** സാധിച്ചെടുത്തത്.

പത്തുവർഷത്തിലൊരിക്കൽ പത്തുനിമിഷം കാണുന്ന ബന്ധം- ഇളയച്ഛൻ, സിനിമയുമായി അവൾക്കാകെയുള്ള ബന്ധം അതായിരുന്നു. തറവാട്ടിൽ ആണും പെണ്ണുമായി തന്റെ പ്രായത്തിലുള്ള അനേകം കുട്ടികളുണ്ടായിട്ടും 'പല്ലവി' എന്ന സിനിമയുടെ ഷൂട്ടിംഗിന് നാട്ടിലെത്തിയ സിനിമയുടെ ക്യാമറക്കാരൻ കൂടിയായ ഇളയച്ഛൻ (ഇളയരാജ-ഭാരതിരാജ-നിവാസ് കൂട്ടുകെട്ടിലെ നിവാസ്. മോഹിനിയാട്ടം എന്ന സിനിമ ചെയ്തു.) ആ പെൺകുട്ടിയെ മാത്രം കൂട്ടിക്കൊണ്ടുപോയത് എന്തിനായിരുന്നു? ലൊക്കേഷനിൽ സെറ്റു ചെയ്തുവെച്ച ക്യാമറയുടെ പിന്നിൽ ചെന്നുനിന്ന് ഏന്തിവലിഞ്ഞുനോക്കാൻ അവൾ പ്രയാസപ്പെടുന്നതു കണ്ടിട്ടാവണം, ഇളയച്ഛൻ ഒരു പെട്ടി സംഘടിപ്പിച്ചു കൊടുത്തു. ആ ക്യാമറാകാഴ്ചയാണ് അവളുടെ ചിന്താഗതിയെ മാറ്റിമറിച്ചത്. അന്നു മുതൽ അവളിലെ ചലച്ചിത്രകാരി ഉണരുകയായിരുന്നു.



*മൂവി മസ്കറ്റിന്റെ പ്രവർത്തകർ*

പഠനകാലത്തുതന്നെ സിനിമയായിരുന്നു അവളുടെ സ്വപ്നമെങ്കിലും തട്ടകമായി തെരഞ്ഞെടുത്തത് നാടകമായിരുന്നു. എഴുതി, സംവിധാനം ചെയ്ത്,അഭിനയിച്ച് തൃശ്ശൂർ വിമൻസ് കോളേജിന്റെ നാടകാചാര്യയായി. പക്ഷേ, ബിരുദപഠനം രണ്ടാംവർഷത്തിലേക്കു കടന്നപ്പോഴേക്കും മറ്റൊരു വേഷം ആടിത്തീർക്കേണ്ടി വന്നു, ഒരു കുടുംബിനിയുടെ. കിട്ടിയ വേഷം ഭംഗിയാക്കാൻ വേണ്ടി തന്റെ സ്വപ്നങ്ങളെയെല്ലാം മാറ്റിവെച്ചു. എന്നിട്ടും ആ വേഷത്തിന് അധികം ആയുസ്സുണ്ടായില്ല. പത്തുവർഷത്തെ മസ്കറ്റ് വാസത്തിനുശേഷം തനിച്ച് നാട്ടിലെത്തുമ്പോൾ തന്റെ സ്വപ്നങ്ങളെ വീണ്ടെടുക്കാനുള്ള ശ്രമമായി പിന്നെ.

പവിത്രന്റെ കുട്ടപ്പൻ സാക്ഷിയിൽ അസിസ്റ്റന്റ് ആയതും അഭിനയിക്കുന്നതും അങ്ങനെയാണ്. പിന്നെ അരവിന്ദൻ സ്മാരക കലാകേന്ദ്രത്തിനു വേണ്ടി പ്രൊജക്ടുകൾ ഏറ്റെടുത്ത് ഡോക്യുമെന്ററികൾ ചെയ്തു. വ്യക്തിജീവിതത്തിലുണ്ടായ ആ ഇടവേള ശരിക്കും അവളുടെ സ്വപ്നങ്ങൾക്ക് ഒരു പുനർജന്മം നൽകുകയായിരുന്നു.

സ്വതന്ത്രമായി ഒരു സിനിമ ചെയ്യണമെന്ന മോഹമായി പിന്നെ. അതിന്റെ പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകളൊക്കെ കഴിഞ്ഞു. മ്യൂസിക് കമ്പോസിങ് വരെ പൂർത്തിയായി. ഗാനരചന ഗിരീഷ് പുത്തഞ്ചേരിയും സംഗീതം ഷഹബാസ് അമനും ആയിരുന്നു. ഷഹബാസ് അമൻ ആദ്യമായി സ്വതന്ത്രമായി ഒരു സംഗീത സംവിധാനം നിർവഹിച്ചത് ആ സിനിമക്കുവേണ്ടിയായിരുന്നു. ഷൂട്ടിംഗ് തീയതി വരെ പ്രഖ്യാപിച്ചപ്പോഴാണ് അമ്മയുടെ മരണം. ഷൂട്ടിംഗ് നടക്കാതെ പോയി.

തനിച്ചുള്ള ജീവിതത്തിലേക്ക് കൂട്ടായി മറ്റൊരാൾ വന്നു. അയാളുടെ കൂടെ വീണ്ടും പ്രവാസിയായി. രണ്ടുപേർക്കും ഓമനിക്കാൻ ഒരു കുഞ്ഞോമനയും. അവളുടെ സ്വപ്നങ്ങളെ അവൾ നാട്ടിൽ ഉപേക്ഷിച്ചിരുന്നില്ല. നാടുവിട്ട് അകലെയാണെങ്കിലും എന്തിനും താങ്ങായി ഒരാൾ കൂടെയുണ്ടാകുമ്പോൾ, അയാളെ പിരിഞ്ഞ് സ്വപ്നം സാക്ഷാത്കരിക്കാൻ തിരികെ നാട്ടിലേക്കു തന്നെ വരിക... എന്തോ അതവൾക്ക് അംഗീകരിക്കാനായില്ല. പക്ഷേ, സിനിമയെന്ന സ്വപ്നം അവളെ വിടാതെ പിന്തുടർന്ന് ഊണിലും ഉറക്കത്തിലും വല്ലാതെ കുത്തി മുറിവേൽപ്പിച്ചു. അന്യനാടാണെങ്കിലും സ്വപ്നസാക്ഷാത്കാരത്തിന് വല്ല സാധ്യതയുമുണ്ടോ എന്നതിലായി പിന്നെ അന്വേഷണം. അങ്ങനെയാണ് കണ്ട 'വല'കളിലൂടെയെല്ലാം നുഴഞ്ഞുകയറി, ചികിച്ചികഞ്ഞ് മസ്കത്തിലെ 'ഒമാൻ ഫിലിം സൊസൈറ്റി'യെപ്പറ്റി അറിഞ്ഞത്. അങ്ങനെയൊരു അംഗീകൃത സംഘടന അവിടെയുണ്ട് എന്നേയുള്ളൂ, സിനിമ ഒരു വ്യവസായം എന്ന നിലക്ക് വളർന്നിരുന്നില്ല. ടെലിവിഷൻ ഫിലിം സീരിയൽ ആണ് അവരുടെ സിനിമാ ലോകം. ആകെ ഇറങ്ങിയത് ഒരൊറ്റ സിനിമയാണ് എന്നുകൂടി അറിഞ്ഞപ്പോഴാണ്, ശരിക്കും ചെരുപ്പുകമ്പനിക്ക് മാർക്കറ്റ് ഉണ്ടാക്കാൻ ആഫ്രിക്കൻ വനാന്തരങ്ങളിലെ ആദിവാസികളുടെ ഇടയിലെത്തിയ സെയിൽസ്മേനെപ്പോലെയാണല്ലോ ഞാൻ എന്നു അവൾക്കു മനസ്സിലായത്. ആ ഏക സിനിമാസംവിധായ

കനെ പരിചയപ്പെടാനായി പിന്നെ ശ്രമം. ഡോ: ഖാലിദ് അബ്ദുൽ റഹീം അൽസജ്ജാലി (Chairman, Oman Film Society)യെ പരിചയപ്പെടുന്നത് അങ്ങനെയാണ്.

ഒമാൻ ഫിലിം സൊസൈറ്റിയിലെ വ്യക്തികളുമായി പരിചയപ്പെടുക എന്നത് അങ്ങേയറ്റം ബുദ്ധിമുട്ട് തന്നെയായിരുന്നു. അറബിയൊഴിച്ച് മറ്റൊരു ഭാഷയും അവർക്കറിയില്ല. അവരോട് ഒരു മലയാളി പെൺകുട്ടിയുടെ സിനിമാ ചിന്തകളെക്കുറിച്ച് പറഞ്ഞു മനസ്സിലാക്കാൻ വല്ലാതെ ബുദ്ധിമുട്ടി.

മസ്കറ്റിലെ കുറച്ച് സിനിമാസ്നേഹികളുടെ (മൂവി മസ്കത്ത്)യും ഒമാൻ ഫിലിം സൊസൈറ്റിയുടെയും കൂട്ടു പങ്കാളിത്തത്തോടു കൂടി സിനിമയുടെ സാങ്കേതിക വശങ്ങൾ ഉൾക്കൊള്ളിച്ചു ഒരു ശിൽപശാല– ബ്ലാക്&വൈറ്റ്– ആദ്യമായി അവിടെ നടക്കുന്നത് അങ്ങനെയാണ്. സിനിമയുടെ സാങ്കേതികവശങ്ങൾ ഉൾക്കൊള്ളിച്ചുള്ള അത്തരമൊരു ശിൽപശാല ഗൾഫ് രാജ്യങ്ങളിൽവെച്ചുതന്നെ ആദ്യത്തേതായിരുന്നു. ഡോ: ഖാലിദ് അബ്ദുൽ റഹീം അൽസജ്ജാലിയായിരുന്നു ശിൽപശാലയുടെ ഉദ്ഘാടകൻ. എഫ്.ടി.ഐ.ഐ പൂനയിൽ നിന്നുള്ള ബിരുദധാരികൾ, സിനിമയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരായ ഫൗസിയാ ഫാത്തിമ (ഛായാഗ്രഹണം), അജിത് കുമാർ (ചിത്രസംയോജനം), മുഹമ്മദ് റാസി (കലാസംവിധാനം) എന്നിവരായിരുന്നു ശിൽപശാലയിൽ ക്ലാസെടുത്തത്. തദ്ദേശിയരും പ്രവാസികളുമായ വനിതകളുടെ പ്രാതിനിധ്യവും ശിൽപശാലയുടെ പ്രത്യേകതയായി.

ശിൽപശാലയുടെ എല്ലാ ചുമതലയും അവൾ സ്വയം ഏറ്റെടുത്തു. ഒരു വൻതുകയും ചെലവായി. എന്നാലും ആ ശിൽപശാല വഴി, തദ്ദേശീയരും അല്ലാത്തവരുമായ സമാനമനസ്കരെ കണ്ടെത്തിയത് അവൾക്ക് സ്വയം കണ്ടെത്തുവാനുള്ള ഒരു വഴി തുറക്കുകയായിരുന്നു.

പിന്നെ ഈ കൂട്ടായ്മയെ രജിസ്റ്റർ ചെയ്യാനുള്ള ശ്രമമായി. അങ്ങനെയാണ് ഒമാൻ ഫിലിം സൊസൈറ്റിയുടെ കീഴിൽ ഐ. എഫ്.എഫ്.ഒ (IFFO- International Film Fraternity of Oman) രൂപം കൊള്ളുന്നത്. ഐ. എഫ്.എഫ്.ഒയുടെ ഉദ്ഘാടനവും ആറാമത് മസ്കത്ത് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ ലോഗോ റിലീസും ഒരുമിച്ചായിരുന്നു. മുമ്പ് നടന്ന അഞ്ച് ഫിലിം ഫെസ്റ്റിവലും ഒരു അറബ് ഫെസ്റ്റ് പോലെ നടക്കുകയായിരുന്നു. ഇനി അങ്ങനെയായാൽ പോര എന്നു ഐ. എഫ്. എഫ്.ഒ തീരുമാനിച്ചു.



*ബ്ലാക്&വൈറ്റ് ശിൽപശാലയിലെ ഒരു ദിവസം*

ഫിലിം ഫെസ്റ്റിവലിന്റെ എക്സിക്യൂട്ടിവ് കമ്മറ്റി മെമ്പറായ സുധാഷായുടെ ചുമതല മാർക്കറ്റിംഗ് ആന്റ് കമ്യൂണിക്കേഷൻ ആയിരുന്നു. ഫെസ്റ്റിലേക്കുള്ള ഷോർട്ടു ഫിലിമുകൾ, ലോകക്ലാസിക് സിനിമകൾ ഏതൊക്കെ, സെലിബ്രിറ്റി ഗസ്റ്റുകൾ ആരൊക്കെ എന്ന് തീരുമാനിക്കണം, ഫെസ്റ്റിൽ പ്രദർശിപ്പിക്കാനായി ഷോർട്ട്ഫിലിമുകൾ തയ്യാറാക്കിക്കണം... അങ്ങനെ കുറഞ്ഞസമയത്തിനുള്ളിൽ ചെയ്തുതീർക്കാനുള്ള ഉത്തരവാദിത്വങ്ങൾ പലതായിരുന്നു. ഒരു രാജ്യത്തു നിന്ന് ഒരു സിനിമ എന്ന നിലക്കാണ് സെലക്ട് ചെയ്തത്. ഇന്ത്യയിൽ നിന്ന് ഒരു ഒറിയൻ പട (The Living Ghost- Prasantha Nanda) മായിരുന്നു പ്രദർശനത്തിനുണ്ടായിരുന്നത്. 45 ഫീച്ചർഫിലിമും അത്രയും തന്നെ അറബ് ഫിലിമും. ഒമാനിൽ രാജഭരണത്തിന്റെ 40–ാം വാർഷികം കൂടിയായിരുന്നു അപ്പോൾ. ഷോർട്ടുഫിലിമുകൾ 40എണ്ണം ഒമാനിൽനിന്നായിരുന്നു. ആറെണ്ണം പുറത്തു നിന്നും.

അതിഥിയായി ഇന്ത്യയിൽ നിന്ന് അമിതാഭ് ബച്ചൻ വരണമെന്നായിരുന്നു സുധയുടെ ആഗ്രഹം. അതിനുള്ള ശ്രമങ്ങളും അതിനിടയ്ക്കു നടക്കും. ബച്ചന്റെ ഓഫീസ് മെയിൽ ഐഡിയാണ് കയ്യിലുള്ളത്. അതിലേക്കാണ് മെയിൽ അയക്കുക. കൊച്ചു കുട്ടികൾ ദൈവത്തെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു കത്തെഴുതാറില്ലേ. ആ ഒരു സ്വഭാവത്തിലായിരുന്നു മെയിലുകൾ. മെയിലുകൾ ബച്ചന്റെ ശ്രദ്ധയിൽ പെടുകയും വരാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. അതും യാതൊരു പ്രതിഫലവും വാങ്ങാതെ. മൂന്നുകോടി രൂപ വരെ പ്രതിഫലം വാങ്ങുന്ന ആളാണ് ബച്ചൻ. ഫെസ്റ്റിവൽ ചെലവ് ആകെ ഒരുകോടി പോലും ആവില്ല എന്നുള്ളപ്പോഴായിരുന്നു ഈ പെണ്ണിന്റെ അത്യാഗ്രഹം.

ബച്ചൻ വന്നത് ഒമാൻ സർക്കാറിന്റെ അതിഥിയായിട്ടായിരുന്നു. അതുകൊണ്ടു തന്നെ ഒരു രാജകീയ വിരുന്ന് ബച്ചന് നൽകാനായി. ബച്ചനും അത് അനുഭവിക്കുകയായിരുന്നു. ശരിക്കും ഒരു അത്ഭുതലോകത്തെത്തിപ്പെട്ട പോലെയായിരുന്നു അദ്ദേഹം.

ഫെസ്റ്റിവലിൽ അവളുടെ ഷോർട്ടുഫിലിമിനായിരുന്നു നല്ല ഷോർട്ടുഫിലിമിനും തിരക്കഥയ്ക്കുമുള്ള അവാർഡ് ലഭിച്ചത്. മറ്റെല്ലാ അവാർഡുകളും ഒമാനിനു പുറത്തായിരുന്നു. അതുകൊണ്ടുതന്നെ ഈ രണ്ട് അവാർഡുകൾ ഒമാനികൾക്കു നൽകിയ സന്തോഷം ചെറുതല്ല.

തന്റെ മുടങ്ങിപ്പോയ സിനിമ പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ സുധ. മസ്കത്തിലെ സിനിമാപ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ.

http://moviemct.blogspot.com/
http://iffoman.blogspot.com/